(ബി) നാളിതുവരെ ഏതെല്ലാം പ്രോജക്ടുകൾക്കായി എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് അറിയിക്കാമോ ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും അറിയിക്കാമോ ;

(ഡി) കോൾ പാക്കേജ് എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) RIDF-ൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി 300 കോടി രൂപയുടെ പദ്ധതിക്കും RKVY-ൽ ഉൾപ്പെടുത്തി 114.20 കോടി രൂപയുടെ പദ്ധതിക്കുമാണ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്.

(ബി) RIDF-ൽ ഉൾപ്പെട്ട പദ്ധതികൾക്കായി 2452.581 ലക്ഷം രൂപയും RKVY പദ്ധതികൾക്കായി 1233.299 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) കോൾനിലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒന്നാംഘട്ടം എന്ന നിലയിൽ RIDF XIX-ൽ ഉൾപ്പെടുത്തി 123.52 കോടി രൂപയുടെയും രണ്ടാം ഘട്ടം എന്ന നിലയിൽ RIDF XX-ൽ ഉൾപ്പെടുത്തി 79.2948 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. RKVY-ൽ ഉൾപ്പെടുത്തി പെട്ടി, പറ എന്നിവയ്ക്ക് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പദ്ധതിക്കായി 100 ലക്ഷം രൂപയുടെയും പച്ചക്കറി കൃഷി വ്യാപനത്തിനായി 163 ലക്ഷം രൂപയുടെയും കറവമാട്, താറാവ് വളർത്തൽ പദ്ധതികൾക്കായി 478.53 ലക്ഷം രൂപയുടെയും കാർഷിക യന്ത്രവൽക്കരണത്തിനായി 2745.30 ലക്ഷം രൂപയുടെയും മത്സ്യവിപണനത്തിനായി 277.84 ലക്ഷം രൂപയുടെയും കോഴി വളർത്തൽ പദ്ധതിക്കായി 479.00 ലക്ഷം രൂപയുടെയും ജൈവ കൃഷി വ്യാപനം പദ്ധതിക്കായി 65 ലക്ഷം രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് 3 വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് കരുതുന്നു.

നിറവ് കാർഷിക പദ്ധതി

145 (1559) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്പോർട്സുമന്ത്രി സദയം മറുപടി നൽകുമോ:

നിറവ് കാർഷിക പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും പദ്ധതി രേഖകളും വ്യക്തമാക്കാമോ ?

ഉത്തരം

നിറവ് കാർഷിക പദ്ധതിക്കായി വൈപ്പിൻ നിയോജക മണ്ഡലം തെരഞ്ഞെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly